**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1153** **10-08-2023 - ൽ മറുപടിയ്ക്ക്**

**ജലവിഭവ വകുപ്പിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ധനകാര്യവകുപ്പ് വിയോജിപ്പ് രേഖപ്പെടുത്തിയിട്ടും മന്ത്രിസഭയുടെ അംഗീകാരത്തോടെ ജലവിഭവ വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ, പ്രവർത്തനങ്ങൾ, തീരുമാനങ്ങൾ എന്നിവ എന്തൊക്കെയാണ്; വിശദമാക്കാമോ; | (എ) | (1)ഭാരതപ്പുഴയ്ക്ക് കുറുകെയുള്ള തൃത്താല യിലെ വെള്ളിയാംകല്ല് റഗുലേറ്റർ കം ബ്രിഡ്ജിന്റെ രണ്ടാംഘട്ട പുനരുദ്ധാരണവും തകർന്ന സംരക്ഷണ ഭിത്തിയുടെ പുനർ നിർമ്മാണവും<br><br>(2) നിയമവകുപ്പിൽ സെക്ഷൻ ഓഫീസർ തസ്തിക സൃഷ്ടിച്ച് ഭൂജലവകുപ്പിൽ ലോ ഓഫീസർ തസ്തികയിലേയ്ക്ക് നിയമനം നടത്തിയത്. |
| (ബി) | മേൽപ്പറഞ്ഞ ഓരോ വിഷയത്തിലും ധനകാര്യ വകുപ്പ് നൽകിയ റിമാർക്ക്സ് എന്തായിരുന്നു; ഓരോ തീരുമാനവും സംബന്ധിച്ച ക്യാബിനറ്റ് നോട്ടിന്റെ പകർപ്പ് ലഭ്യമക്കാമോ; ഓരോന്നും നടപ്പാക്കിയതിലൂടെ എത്ര രൂപയുടെ ബാധ്യത ഉണ്ടായിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ? | (ബി) | വെള്ളിയാംകല്ല് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ രണ്ടാംഘട്ട പുനരുദ്ധാരണവും തകർന്ന സംരക്ഷണഭിത്തിയുടെ പുനർ നിർമ്മാണവും Phase II എന്ന പദ്ധതിയ്ക്ക് വേണ്ടി 4701-20-800-98-reservoirs (Velliyamkallu Causeway) എന്ന ശീർഷകത്തിൽ അധിക ധനാനുമതി നൽകുന്നതിലേക്കായി ഫയൽ ആദ്യം ധനകാര്യവകുപ്പിന് അയച്ചപ്പോൾ "Since no budget provision is available under the current year budget for the proposed project of Velliyankallu RCB Phase II including reconstruction of damaged retaining wall for an amount of Rs. 33.40 Crore, Administrative Department may explore the funding from other sources and also furnish detailed project report to RKI, if some fund augmentation is necessary from the RKI as opined by RKI Department” എന്നും ടി പ്രൊപ്പോസൽ വീണ്ടും ധനകാര്യവകുപ്പിന് അയച്ചപ്പോൾ "Since this is a Nil provision work, Finance defers the proposal. This has the approval of Hon’ble Minister (Finance)”, എന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്.<br><br>പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് 33.4 കോടി രൂപയുടെ ബാധ്യത ഉണ്ടായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | നിയമവകുപ്പിൽ സെക്ഷൻ ഓഫീസർ തസ്തിക സൃഷ്ടിച്ച് ഭൂജലവകുപ്പിൽ ലോ ഓഫീസർ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനായി ഫയൽ ധനകാര്യ വകുപ്പിന് നൽകിയപ്പോൾ പ്രസ്തുത വകുപ്പ് താഴെപ്പറയും പ്രകാരം റിമാർക്സ് ലഭ്യമാക്കിയിരുന്നു.<br><br>“സർക്കാരിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി പരിഗണിക്കുമ്പോൾ പുതുതായി ഒരു തസ്തിക സൃഷ്ടിക്കുന്നത് ഉചിതമല്ലാത്ത സാഹചര്യത്തിൽ ഭൂജലവകുപ്പിൽ നിലവിൽ ജോലിചെയ്യുന്ന ഒരു ഹെഡ് ക്ലർക്കിനെയോ ജൂനിയർ സൂപ്രണ്ടിനെയോ ലെയ്സൺ ഓഫീസറുടെ ചാർജ്ജ് കൊടുത്തു കേസുകളുടെ വിഷയം കൈകാര്യം ചെയ്യാൻ നിർദ്ദേശിക്കാവുന്ന താണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു.<br><br>ഇതിനു ബഹു.ധനകാര്യവകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്”<br><br>ഈ തീരുമാനം നടപ്പാക്കിയതിലൂടെ ഒരു മാസം ഏകദേശം 51400/- രൂപയും ഒരു വർഷം 6,78,000/- രൂപയും അധിക ബാധ്യത ഉണ്ടാകുന്നുണ്ട്.<br><br>ക്യാബിനറ്റ് നോട്ടിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ഭാരതപ്പുഴയ്ക്ക് കുറുകെയുള്ള തൃത്താലയിലെ വെള്ളിയാംകല്ല് റഗുലേറ്റർ കം ബ്രിഡ്ജിന്റെ രണ്ടാം ഘട്ട പുനരുദ്ധാരണം, തകർന്ന സംരക്ഷണഭിത്തിയുടെ പുനർനിർമ്മാണം എന്നിവയ്ക്ക് 33.40 കോടി രൂപ അധിക ധനാനുമതി മുഖേന അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ചീഫ് എൻജിനീയർ, ജലസേചനം, പ്രൊജക്ട്-I, 1/6/2022-ലെ കത്ത് പ്രകാരം വെള്ളിയാംകല്ല് റഗുലേറ്റർ കം ബ്രിഡ്ജിന്റെ രണ്ടാം ഘട്ട പുനരുദ്ധാരണവും തകർന്ന സംരക്ഷണ ഭിത്തിയുടെ പുനർനിർമ്മാണവും സംബന്ധിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട് അംഗീകാരവും റീബിൽഡ് കേരള ഇനീഷ്യേറ്റീവിന് കീഴിൽ "5475-00-115-94-05-00-00-P-V" എന്ന ശീർഷകത്തിൽ 33.40 കോടി രൂപയുടെ ഭരണാനുമതിയും നൽകുന്നതിനായി സമർപ്പിക്കുകയുണ്ടായി.

3. ചീഫ് എൻജിനീയർ, പ്രോജക്ട്-I-ന്റെ ശിപാർശ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ "5475-00-115-94-05-00-00 P-V" എന്ന ശീർഷകത്തിന് കീഴിൽ ഫണ്ടിനായി ഹൈ ലെവൽ എംപവേർഡ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിനായി ആസൂത്രണ സാമ്പത്തിക കാര്യ (RKI) വകുപ്പിന് അയച്ചപ്പോൾ പ്രസ്തുത വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു:-

" In view of the paucity of funds, the RKI is not in a position to fund the project in full. The WRD is requested to explore funding for the project from the plan fund or from other sources. The WRD may furnish detailed request to the RKI, if some fund augmentation is necessary from the RKI as a gap funding ".

4. RKI വകുപ്പിന്റെ അഭിപ്രായം പ്രോജക്ട്-I ലെ ചീഫ് എഞ്ചിനീയറെ അറിയിച്ചപ്പോൾ, തകർന്ന സംരക്ഷണഭിത്തിയുടെ പുനർനിർമ്മാണം ഉൾപ്പെടെയുള്ള വെള്ളിയാങ്കല്ല് RCB രണ്ടാം ഘട്ടത്തിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് അധിക ധനാനുമതി വഴി 4701-20-800-98-reservoirs (Velliyamkallu Causeway) എന്ന അക്കൗണ്ട് ഹെഡിലേക്ക് അനുവദിക്കാമെന്ന് നിർദ്ദേശിക്കപ്പെട്ടു. ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ചപ്പോൾ പ്രസ്തുത വകുപ്പ് ഇപ്രകാരം അഭിപ്രായപ്പെട്ടു.

" Since no budget provision is available under the current year budget for the proposed project of Velliyankallu RCB Phase II including reconstruction of damaged retaining wall for an amount of Rs. 33.40 Crore, Administrative Department may explore the funding from other sources and also furnish detailed project report to RKI, if some fund augmentation is necessary from the

RKI as opined by RKI Department"

5. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തോടെ ഫയൽ ബഹു. ജലവിഭവ വകുപ്പ് മന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ, അദ്ദേഹം താഴെപ്പറയുന്ന നിരീക്ഷണങ്ങളോടെ ഫയൽ ബഹു. ധനവകുപ്പ് മന്ത്രിക്ക് അയച്ചു:-

"This work is of a very urgent nature. Besides, lack of these crucial rectification works will even endanger the security and strength of the existing structure. Damages caused to the apron downstream of regulator could potentially damage the RCB. In these exceptional circumstances, additional allocation of half the required amount [considering that the work requires 2 years for execution] may be requested from Honourable Minister, Finance."

ധനകാര്യ വകുപ്പ് താഴെപറയുന്ന അഭിപ്രായം രേഖപ്പെടുത്തി ഫയൽ മടക്കി.

"Since this is a Nil provision work, Finance defers the proposal.

**This has the approval of Hon'ble Minister(Finance)."**

6. ധനകാര്യ വകുപ്പിന്റെ പരാമർശങ്ങൾ ബഹു.ജലവിഭവ വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അദ്ദേഹം ചുവടെ ചേർക്കുന്ന കുറിപ്പ് സഹിതം ഫയൽ ബഹു. മുഖ്യമന്ത്രി മുമ്പാകെ സമർപ്പിച്ചു:-

"പാലക്കാട് ജില്ലയിലെ തൃത്താലയിൽ ഭാരതപ്പുഴയ്ക്ക് കുറുകെയുള്ള വളരെ പ്രധാനപ്പെട്ട റഗുലേറ്റർ കം ബ്രിഡ്ജ് ആണ് വെള്ളിയാംകല്ല് ആർ.സി.ബി 295 മീറ്റർ നീളം ഉള്ള പ്രസ്തുത റഗുലേറ്ററിന് 27 ഷട്ടറുകളും അതോടൊപ്പം പാലത്തിന് രണ്ട് ലൈൻ ട്രാഫിക് സൗകര്യവും ഉണ്ട്. പട്ടാമ്പി താലൂക്കിൽ ഏകദേശം 4,000 ഹെക്ടർ സ്ഥലത്തേക്ക് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഉപയോഗിച്ച് ജലസേചനം നടത്തുന്ന പ്രസ്തുത പദ്ധതി ജനസേവനത്തിന് വളരെ അത്യാവശ്യമാണ്. എന്നാൽ കഴിഞ്ഞ കുറച്ച് വർഷങ്ങൾക്ക് മുമ്പ് പാലത്തിന്റെ ഡൗൺ സ്ട്രീം ഏപ്രൺ ഗുരുതരമായ തകരാറിലായി. കാര്യത്തിന്റെ ഗൗരവം കണക്കിലെടുത്ത് കോഴിക്കോട് എൻ.ഐ.റ്റി മുഖാന്തിരം ഇതിൽ പഠനം നടത്തുകയും അടിയന്തിരമായി ഈ അറ്റകുറ്റപണികൾ നിർവ്വഹിച്ചില്ലെങ്കിൽ ആർ.സി.ബിയ്ക്ക് തന്നെ ഗുരുതരമായ നാശനഷ്ടം ഉണ്ടാകും എന്ന് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ പാലത്തിന്റെ റിട്ടെയ്നിംഗ് ചുമരുകളും 2018-ലെയും 2019-ലെയും പ്രളയത്തിൽ നാശനഷ്ടം നേരിട്ടു. പ്രസ്തുത അടിയന്തിര സ്വഭാവമുള്ള പ്രവൃത്തികൾക്കായി 33.4 കോടി രൂപയുടെ ആവശ്യമുണ്ട്. ഇക്കാര്യം ആർ.കെ.ഐയിൽ സമീപിച്ചപ്പോൾ അവർ ധനത്തിന്റെ അപര്യാപ്തത അറിയിച്ചു. ഈ വർഷത്തെ ബജറ്റിൽ പ്രൊവിഷൻ ഇല്ലാത്തതിനാൽ പണം തരാൻ ആകില്ലെന്ന് ധനവകുപ്പും അഭിപ്രായപ്പെട്ടിരുന്നു. നിലവിൽ കിഫ്ബിയുടെ കീഴിൽ ധനം ലഭിക്കുന്നതിനുള്ള സാധ്യതയും വിരളമാണ്. എന്നാൽ ഈ അറ്റകുറ്റപ്പണികൾ അടിയന്തിരമായി ചെയ്തില്ലെങ്കിൽ ആർ.സി.ബിയ്ക്ക് ഗുരുതരമായ നാശനഷ്ടം ഉണ്ടാവുകയും ഖജനാവിന് കനത്ത ചെലവ് വരികയും അതോടൊപ്പം ജനങ്ങൾക്ക് ഏറ്റവും

ആവശ്യമായ സേവനം നൽകാൻ കഴിയാതെയും വരും. ആയതിനാൽ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് കൊണ്ടുവന്ന് പ്രസ്തുത തുക അനുവദിക്കുന്നതിന് ബഹു. മുഖ്യമന്ത്രി സദയം ഉത്തരവായാലും. ഈ പ്രവൃത്തിക്ക് ഉടനടി തന്നെ മുഴുവൻ തുകയും ആവശ്യമില്ല."

7. ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

<u>തീരുമാനിക്കേണ്ട വിഷയം</u>

ചീഫ് എഞ്ചിനീയർ, പ്രോജക്ട്-I സമർപ്പിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട് പ്രകാരം വെള്ളിയാംകല്ല് RCB യുടെ അറ്റകുറ്റപ്പണി അടിയന്തരമായി നിർവ്വഹിക്കുന്നതിന് 33.4 കോടി രൂപ അധിക ധനാനുമതി മുഖാന്തിരം 4701-20-800-98- resevoirs (Velliyamkallu cause way) എന്ന ശീർഷകത്തിൻ കീഴിൽ അനുവദിക്കാമോ ?

## *NOTE FOR THE COUNCIL OF MINISTERS*

This note deals with the proposal for sanctioning Rs. 33.40 crore through additional authorization for rectification works of Velliyamkallu Regulator Cum Bridge at Thrithala across Bharathapuzha – Phase II and reconstruction of damaged retaining wall.

2. As per letter dated 1/6/2022, the Chief Engineer, Irrigation, Project I submitted the Detailed Project Report for the work "RKI-Rectification works of Velliyamkallu RCB phase II including reconstruction of damaged containing wall" for according approval and administrative sanction for an amount of Rs. 33.40 crores under the Head of Account "5475-00-115-94-05-00-00-P-V", under Rebuild Kerala Initiative.

3.When the proposal received from Chief Engineer, Project -I was forwarded to Planning &Economic Affairs (RKI) Department for placing the same before the High Level Empowered Committee of Rebuild Kerala Initiative for funding under the head of account **"5475-00-115-94-05-00-00-P-V"**, that Dept. opined as follows :-

"In view of the paucity of funds, the RKI is not in a position to fund the project in full. The WRD is requested to explore funding for the project from the plan fund or from other sources. The WRD may furnish detailed request to the RKI, if some fund augmentation is necessary from the RKI as a gap funding".

4. When the remarks of RKI Department was informed to Chief Engineer, Project-I, it was proposed that the fund required for the rectification works of Velliyankallu RCB Phase II including reconstruction of damaged retaining wall may be sanctioned through additional authorization to the Head of Account 4701-20-800-98 - reservoirs (Velliyamkallu Causeway). When consulted, the Finance Department opined as follows:-

" Since no budget provision is available under the current year budget for the proposed project of Velliyankallu RCB Phase II

including reconstruction of damaged retaining wall for an amount of Rs. 33.40 Crore, Administrative Department may explore the funding from other sources and also furnish detailed project report to RKI, if some fund augmentation is necessary from the RKI as opined by RKI Department" .

5.When the file with the remarks of the Finance Department was circulated to the Hon'ble Minister for Water Resources, the same was forwarded to the Hon'ble Minister for Finance with the following observations:-

" This work is of a very urgent nature. Besides, lack of these crucial rectification works will even endanger the security and strength of the existing structure. Damages caused to the apron downstream of regulator could potentially damage the RCB. In these exceptional circumstances, additional allocation of half the required amount [considering that the work requires 2 years for execution] may be requested from Honourable Minister, Finance.

The Finance Department returned the file with the following remarks:-

"Since this is a Nil provision work , Finance defers the proposal.

**This has the approval of Hon'ble Minister(Finance)."**

6. When the remarks of Finance Department was brought to the attention of Hon'ble Minister for Water Resources, the Hon'ble Minister submitted the file to the Hon'ble Chief Minister with the following notes :-

'പാലക്കാട് ജില്ലയിലെ തൃത്താലയിൽ ഭാരതപ്പുഴയ്ക്ക് കുറുകെയുള്ള വളരെ പ്രധാനപ്പെട്ട റഗുലേറ്റർ കം ബ്രിഡ്ജ് ആണ് വെള്ളിയാംകല്ല് ആർ.സി.ബി 295 മീറ്റർ നീളം ഉള്ള പ്രസ്തുത റഗുലേറ്ററിന് 27 ഷട്ടറുകളും അതോടൊപ്പം പാലത്തിന് രണ്ട് ലൈൻ ട്രാഫിക് സൗകര്യവും ഉണ്ട്. പട്ടാമ്പി താലൂക്കിൽ ഏകദേശം 4,000 ഹെക്ടർ സ്ഥലത്തേക്ക് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഉപയോഗിച്ച് ജലസേചനം നടത്തുന്ന പ്രസ്തുത പദ്ധതി ജനസേവനത്തിന് വളരെ അത്യാവശ്യമാണ്. എന്നാൽ കഴിഞ്ഞ കുറച്ച് വർഷങ്ങൾക്ക് മുമ്പ് പാലത്തിന്റെ ഡൗൺ സ്ട്രീം ഏപ്രൺ ഗുരുതരമായ തകരാറിലായി. കാര്യത്തിന്റെ ഗൗരവം കണക്കിലെടുത്ത് കോഴിക്കോട് എൻ.ഐ.റ്റി മുഖാന്തിരം ഇതിൽ പഠനം നടത്തുകയും അടിയന്തിരമായി ഈ അറ്റകുറ്റപണികൾ നിർവ്വഹിച്ചില്ലെങ്കിൽ ആർ.സി.ബിയ്ക്ക് തന്നെ ഗുരുതരമായ നാശനഷ്ടം ഉണ്ടാകും എന്ന്

കണ്ടെത്തിയിട്ടുണ്ട്. കൂടാതെ പാലത്തിന്റെ റിട്ടെയ്നിംഗ് ചുമരുകളും 2018-ലെയും 2019-ലെയും പ്രളയത്തിൽ നാശനഷ്ടം നേരിട്ടു. പ്രസ്തുത അടിയന്തിര സ്വഭാവമുള്ള പ്രവൃത്തികൾക്കായി 33.4 കോടി രൂപയുടെ ആവശ്യമുണ്ട്. ഇക്കാര്യം ആർ.കെ.ഐയിൽ സമീപിച്ചപ്പോൾ അവർ ധനത്തിന്റെ അപര്യാപ്തത അറിയിച്ചു. ഈ വർഷത്തെ ബജറ്റിൽ പ്രൊവിഷൻ ഇല്ലാത്തതിനാൽ പണം തരാൻ ആകില്ലെന്ന് ധനവകുപ്പും അഭിപ്രായപ്പെട്ടിരുന്നു. നിലവിൽ കിഫ്ബിയുടെ കീഴിൽ ധനം ലഭിക്കുന്നതിനുള്ള സാധ്യതയും വിരളമാണ്. എന്നാൽ ഈ അറ്റകുറ്റപ്പണികൾ അടിയന്തിരമായി ചെയ്തില്ലെങ്കിൽ ആർ.സി.ബിയ്ക്ക് ഗുരുതരമായ നാശനഷ്ടം ഉണ്ടാവുകയും ഖജനാവിന് കനത്ത ചെലവ് വരികയും അതോടൊപ്പം ജനങ്ങൾക്ക് ഏറ്റവും ആവശ്യമായ സേവനം നൽകാൻ കഴിയാതെയും വരും. ആയതിനാൽ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് കൊണ്ടുവന്ന് പ്രസ്തുത തുക അനുവദിക്കുന്നതിന് ബഹു. മുഖ്യമന്ത്രി സദയം ഉത്തരവായാലും. ഈ പ്രവൃത്തിക്ക് ഉടനടി തന്നെ മുഴുവൻ തുകയും ആവശ്യമില്ല."

7. The Hon'ble Chief Minister has ordered to place the matter before the Council of Ministers.

## Point For Decision

Whether an amount of Rs. 33.4 Crore may be sanctioned under the Head of Account 4701-20-800-98- reservoirs (Velliyamkallu Causeway), through additional authorization for the urgent rectification and maintenance works of Velliyamkallu RCB, as per the Detailed Project Report submitted by the Chief Engineer, Project-I ?

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

നിയമ വകുപ്പിൽ നിലവിൽ സെക്ഷൻ ഓഫീസർ തസ്തിക കുറവായതിനാൽ ഒരു സെക്ഷൻ ഓഫീസർ തസ്തിക സൃഷ്ടിച്ച് ആ തസ്തികയിലേയ്ക്ക് നിയമവകുപ്പിൽ നിന്നുള്ള ഒരു സെക്ഷൻ ഓഫീസറെ നിയമിച്ച്, അനവധി കോടതി വ്യവഹാരങ്ങളും തന്മൂലമുള്ള രൂക്ഷമായ പ്രശ്നങ്ങളും നിലനിൽക്കുന്ന ഭൂജല വകുപ്പിലേയ്ക്ക്, വർക്കിങ് അറേഞ്ച്മെന്റ് അടിസ്ഥാനത്തിൽ, നിയോഗിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. പൊതുജനങ്ങൾക്കായി അവശ്യ സേവനം നടത്തുന്ന വളരെ പ്രധാനപ്പെട്ട സ്ഥാപനങ്ങളിൽ ഒന്നാണ് ഭൂജലവകുപ്പ്. അതിനുംപുറമെ ഈ വകുപ്പ് ഭരണനിർവ്വഹണം നടത്തുന്നത് അനേകം നിയമങ്ങളും ചട്ടങ്ങളും റെഗുലേഷൻസും വഴിയാണ്. അത് വിവിധ stakeholders മായി നിയമപ്രശ്നങ്ങളും കോടതി കേസുകളും കൈകാര്യം ചെയ്യുന്നതിന് നിലവിൽ നിയമപരിജ്ഞാനം ആവശ്യമായ ഒരു തസ്തിക ഭൂജലവകുപ്പിൽ നിലവിലില്ല. ഇപ്പോൾ വകുപ്പിൽ കേസുകളും നിയമ പ്രശ്നങ്ങളും കൈകാര്യം ചെയ്യുന്നത് വകുപ്പിലെ നിയമപരിജ്ഞാനം ഇല്ലാത്ത മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരാണ്. ഇത് ഇത്തരം കേസുകളിൽ സർക്കാർ ഭാഗം ശരിയായ വിധത്തിൽ അവതരിപ്പിച്ച് കേസ് നടത്തുന്നതിന് തടസ്സമാവാറുണ്ട്. മാത്രമല്ല ഇത് മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് അവരുടെ സ്ഥിരം ജോലികൾ നിർവഹിക്കുന്നതിൽ തടസ്സം ആവുകയും ചെയ്യുന്നുണ്ട്.

3. ആയതിനാൽ ഇതിന് പരിഹാരമായി നിയമ വകുപ്പിൽ നിന്നും ഒരു സെക്ഷൻ ഓഫീസറെ ഭൂജല വകുപ്പിലെ ലോ ഓഫീസറായി റീ പൊസിഷൻ ചെയ്ത് നിയമിക്കുന്നതിനുള്ള സാധ്യത നിയമവകുപ്പിനോട് ആരാഞ്ഞിരുന്നു. അപ്പോൾ ആ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

*"നിയമ വകുപ്പിലെ സെക്ഷൻ ഓഫീസർ തസ്തികയുടെ കേഡർ സ്ട്രെങ്ത് 32 ആണ്. നിയമ വകുപ്പിൽ നിലവിൽ സെക്ഷൻ ഓഫീസർമാർ അനിവാര്യമായ സ്യൂട്ട്-I,*

സ്യൂട്ട്-II, സ്യൂട്ട്-III, നിയമ (അക്കൗണ്ട്സ്) വകുപ്പുകളിൽ പ്രസ്തുത തസ്തികയില്ലാത്തതിനാൽ ടി വകുപ്പുകളിൽ സെക്ഷൻ ഓഫീസർമാരെ നിയമിച്ചിട്ടില്ലാത്തതും നിയമ വകുപ്പിലെ മറ്റ് സെക്ഷൻ ഓഫീസർമാർക്ക് അധിക ചുമതല നൽകി പ്രസ്തുത വകുപ്പിലെ ജോലികൾ നിർവ്വഹിച്ച് പോരുന്നതുമാണ്. മേൽ കാര്യത്തിനായി ടി വകുപ്പുകളിൽ ടി തസ്തിക സൃഷ്ടിക്കുന്ന കാര്യം ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ പരിഗണനയിലുമാണ്. മേൽ സാഹചര്യത്തിൽ ഭൂഗർഭജല വകുപ്പ് ആവശ്യപ്പെട്ട പ്രകാരം നിയമ വകുപ്പിൽ നിന്നും ഒരു സെക്ഷൻ ഓഫീസർ തസ്തിക മാറ്റി ലാ ഓഫീസർ തസ്തികയായി ഭൂഗർഭജല വകുപ്പിൽ അനുവദിക്കുന്നത് ഈ വകുപ്പിന് സ്വീകാര്യമല്ലാത്തതാണ്. ഭൂഗർഭജല വകുപ്പിൽ ലാ ഓഫീസറുടെ സേവനം ആവശ്യമുള്ളപക്ഷം പ്രസ്തുത വകുപ്പ് ഒരു തസ്തിക സൃഷ്ടിച്ച് ആയതിലേയ്ക്ക് നിയമ വകുപ്പിൽ നിന്നും സെക്ഷൻ ഓഫീസർ തസ്തികയിലെ ഒരു ഉദ്യോഗസ്ഥനെ ഇതരസേവനവ്യവസ്ഥയിൽ നിയമിക്കുന്നതാണ് അഭികാമ്യമെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു."

4. നിയമ വകുപ്പിൽ ഒരു സെക്ഷൻ ഓഫീസർ തസ്തിക സൃഷ്ടിച്ച് ആയത് വർക്കിംഗ് അറേഞ്ച്മെൻറിൽ ഭൂജല വകുപ്പിന് നൽകുകയോ, അല്ലെങ്കിൽ നിയമവകുപ്പിലെ നിലവിലുള്ള ഒരു സെക്ഷൻ ഓഫീസർ തസ്തിക ഭൂജല വകുപ്പിലേക്ക് ഷിഫ്റ്റ് ചെയ്യുകയോ ചെയ്യാവുന്നതാണോ എന്ന കാര്യത്തിൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചിരുന്നു. അപ്പോൾ ധനകാര്യ വകുപ്പിന്റെ അഭിപ്രായം സഹിതം ഫയൽ സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി. ധനകാര്യ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"സർക്കാരിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി പരിഗണിക്കുമ്പോൾ പുതുതായി ഒരു തസ്തിക സൃഷ്ടിക്കുന്നത് ഉചിതമല്ലാത്ത സാഹചര്യത്തിൽ, ഭൂജലവകുപ്പിൽ നിലവിൽ ജോലിചെയ്യുന്ന ഒരു ഹെഡ് ക്ലർക്കിനെയോ ജൂനിയർ സുപ്രണ്ടിനെയോ ലെയ്സൺ ഓഫീസറുടെ ചാർജ് കൊടുത്തു കേസുകളുടെ വിഷയം കൈകാര്യം ചെയ്യാൻ നിർദ്ദേശിക്കാവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.

ഇതിനു ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്. "



Generated from eOffice by ARIMA S NAIR, SG-ASST (GW1) WRD, SG-ASST (GW1) WRD, WRD on 08/08/2023 01:18 PM

5. നിയമ വകുപ്പിൽ നിലവിൽ സെക്ഷൻ ഓഫീസർ തസ്തിക കുറവായതിനാൽ ഒരു സെക്ഷൻ ഓഫീസർ തസ്തിക സൃഷ്ടിച്ച് ആ തസ്തികയിലേയ്ക്ക് നിയമവകുപ്പിൽ നിന്നുള്ള ഒരു സെക്ഷൻ ഓഫീസറെ നിയമിച്ച്, അനവധി കോടതി വ്യവഹാരങ്ങളും തന്മൂലമുള്ള രൂക്ഷമായ പ്രശ്നങ്ങളും നിലനിൽക്കുന്ന ഭൂജല വകുപ്പിലേയ്ക്ക്, വർക്കിങ് അറേഞ്ച്മെന്റ് അടിസ്ഥാനത്തിൽ, നിയോഗിക്കുന്നത് സംബന്ധിച്ച് ഉത്തരവിനായി ഫയൽ വീണ്ടും ബഹു. മുഖ്യമന്ത്രിയ്ക്കയച്ചപ്പോൾ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി. ഇതിലേയ്ക്കായി ഒരു മാസം ഏകദേശം 51,400/-രൂപയും ഒരു വർഷം 6,78,000/-രൂപയും അധിക ബാധ്യത ഉണ്ടാകുമെന്ന് കണക്കാക്കുന്നു.

## <u>തീരുമാനിക്കേണ്ട വിഷയം</u>

നിയമ വകുപ്പിൽ ഒരു സെക്ഷൻ ഓഫീസർ തസ്തിക സൃഷ്ടിച്ച് അനവധി കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്ന ഭൂജല വകുപ്പിലേയ്ക്ക് പ്രസ്തുത സെക്ഷൻ ഓഫീസറെ വർക്കിംഗ് അറേഞ്ച്മെന്റ് അടിസ്ഥാനത്തിൽ നിയോഗിക്കാമോ?



Generated from eOffice by ARIMA S NAIR, SG-ASST (GW1) WRD, SG-ASST (GW1) ...